മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം

130 (4416) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ബോർഡിനു കീഴിലുള്ള സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിൽ 10 വർഷം വരെ ജോലി ചെയ്തിട്ടും സ്ഥിര നിയമനം ലഭിക്കാത്ത എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുവേണ്ടി നിയമിച്ച കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിലെ ശാന്തി, കഴകം, വഴിപാട് ക്ലാർക്ക് എന്നിവർക്ക് ഇപ്പോൾ നൽകുന്ന ശമ്പളം എത്രയാണെന്നും; ദിവസ വേതനമാണെങ്കിൽ അത് എത്രയാണെന്നും വ്യക്തമാക്കുമോ;

(ഇ) കൊയിലാണ്ടിയിലെ കീഴരിയൂർ എളമ്പിലാട് ശ്രീപരദേവത ക്ഷേത്രത്തിലെ വഴിപാട് ക്ലാർക്ക് ജയചന്ദ്രൻ എത്ര വർഷമായി ജോലി ചെയ്യുന്നു എന്നും ഇയാൾക്ക് ലഭിക്കുന്ന ദിവസവേതനം എത്രയാണെന്നും വ്യക്തമാക്കുമോ; ഇയാളെ സ്ഥിരപ്പെടുത്താനും വേതനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലെ ചില ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നുണ്ട്. പ്രസ്തുത ക്ഷേത്രങ്ങൾക്ക് മതിയായ വരുമാനം ഇല്ല എന്നുള്ളതാണ് കാരണം. ക്ഷേത്രങ്ങളിലെ നിത്യനിദാനങ്ങളുൾപ്പെടെയുള്ള ദൈനംദിന ചെലവുകൾക്ക് ശേഷം ക്ഷേത്രങ്ങളിൽ മതിയായ ഫണ്ടില്ലാത്തത് കാരണം ശമ്പളവും അലവൻസുകളും മുഴുവനായും നൽകുന്നതിന് പ്രയാസമനുഭവപ്പെടുന്നുണ്ട്. ക്ഷേത്ര ജീവനക്കാരുടെ നിയമനം, അവരുടെ ശമ്പളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകൽ എന്നിവ ചെയ്തുവരുന്നത് നിയമനാധികാരി കൂടിയായ ക്ഷേത്ര ഭരണാധികാരികളാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അംഗീകരിക്കപ്പെട്ട തസ്തികകളിൽ 10 വർഷം വരെ ജോലി ചെയ്തിട്ട് സ്ഥിര നിയമനം ലഭിക്കാത്ത ജീവനക്കാരുള്ളതായി ഇതേ വരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുവേണ്ടിയല്ല കമ്മീഷനെ നിയമിച്ചിരിക്കുന്നത്.

(ഡി) വിശദവിവരം ചുവടെ ചേർക്കുന്നു:

സി ഗ്രേഡ്	ഡി ഗ്രേഡ്	ഡി.എ.	എച്ച്.ആർ.എ.	
ശാന്തി	2500	2200	191%	60
കഴകം	2050	2050		
ക്ലാർക്ക്	2200	2200		

ദിവസ വേതനക്കാർക്ക് ക്ഷേത്രങ്ങളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പ്രതിദിനം 400 രൂപ വരെ നൽകിവരുന്നുണ്ട്.

(ഇ) 17-11-2007 മുതൽ വഴിപാട് ക്ലാർക്കായി ശ്രീ. ജയചന്ദ്രൻ 30 രൂപ ദിവസവേതനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്. അംഗീകരിച്ചിട്ടില്ലാത്ത തസ്തികയിലാണ് ശ്രീ. ജയചന്ദ്രൻ ഇടർന്നുവരുന്നത് എന്നാണ് ലഭിച്ചിരിക്കുന്ന റിപ്പോർട്ട്. ക്ഷേത്രത്തിന് സാമ്പത്തിക ശേഷി തീരെ കുറവായതിനാൽ സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ല.

ശബരിമല ഇടത്താവളങ്ങൾ

131 (4417) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി ശബരിമല, പമ്പ, ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ ശബരിമല ഇടത്താവളങ്ങളിലും ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലും നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) തീർത്ഥാടകർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങളും ക്ഷേത്ര സമുച്ചയങ്ങളുടെയും മറ്റ് അനുബന്ധ കെട്ടിടങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾ, ശബരിമല ക്ഷേത്ര അനുബന്ധ കെട്ടിടങ്ങൾ, ഡോണർ ഹൗസുകൾ, പിൽഗ്രിം

LIBRARY ARCHIVES Kerala Legislative Assembly